## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3307 | 29/01/2014-ൽ മറുപടിക്ക് |
|---|---|

**ഡ്രൈവർ ഗ്രേഡ് -2 എൽ.ഡി.വി. തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | നഗരകാര്യ വകുപ്പിന് കീഴിൽ വരുന്ന വികസന അതോറിറ്റികൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി യുടെ എത്ര വീതം തസ്തികകൾ ഉണ്ടെന്നും അവയിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) | നഗരകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ കോർപ്പറേഷനുകളിൽ ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി യുടെ 49 തസ്തികകളും വിവിധ മുനിസിപ്പാലിറ്റികളിൽ ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി യുടെ 97 തസ്തികകളും ഉണ്ട്. അവയിൽ വിവിധ കോർപ്പറേഷനുകളിൽ 16 ഒഴിവുകളും മുനിസിപ്പാലിറ്റികളിൽ 25 ഒഴിവുകളും നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ വികസന അതോറിറ്റികളിൽ ഡ്രൈവർ ഗ്രേഡ് -2 എൽ.ഡി.വി യുടെ 11 തസ്തികകൾ ഉണ്ട്. ടി 11 തസ്തികളിൽ 2 എണ്ണത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ബാക്കി 9 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | നഗരകാര്യ വകുപ്പിൽ ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി തസ്തികയിൽ ആകെ നിലവിലുള്ള 41 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വികസന അതോറിറ്റികളിൽ നിന്നും ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി യുടെ 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ